## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5452** **06.07.2012**-ൽ മറുപടിക്ക്

**ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നേത്രരോഗ വിദഗ്ധന്റെ ഒഴിവ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നേത്ര രോഗ വിദഗ്ധന്റെ ഒഴിവ് ഉണ്ടായിട്ട് എത്രനാളായി എന്ന് പറയാമോ; നേത്രരോഗ വിഭാഗത്തിൽ ഒഴിവുള്ള തസ്തികയിൽ എന്തുകൊണ്ടാണ് ഡോക്ടറെ നിയമിക്കാത്തതെന്ന് പറയാമോ; | എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നേത്രരോഗ വിഭാഗത്തിൽ 05.05.2011 മുതൽ ഒരു കൺസൾട്ടന്റിന്റെ ഒഴിവ് നിലവിലുണ്ട്. ടി തസ്തികയിലെ ഒഴിവ് പ്രമോഷൻ മുഖേന നികത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ചേർത്തലയിലുള്ള സ്വകാര്യ ആശുപത്രികളെ സഹായിക്കാൻ ബോധപൂർവ്വം ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഐ സ്പെഷ്യലിസ്റ്റിന്റെ ഒഴിവു നികത്താതെയിട്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. |
| (സി) ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അടിയന്തിരമായി ഐ സ്പെഷ്യലിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | സി) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ നേത്രരോഗ വിഭാഗത്തിലെ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് പ്രമോഷൻ മുഖേന നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ